# പതിമൂന്നാം കേരള നിയമസഭ

## (പതിനൊന്നാം സമ്മേളനം)

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 3395** **23/06/2014-ൽ മറുപടിയ്ക്ക്**

## ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് അമ്പലപ്പുഴ മണ്ഡലത്തിലെ റോഡുകൾക്ക് അനുവദിച്ച ഫണ്ട്.

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ജി. സുധാകരൻ: | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും<br>എക്സൈസും വകുപ്പ് മന്ത്രി): |

(എ) 2013-14 വർഷത്തിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് അമ്പലപ്പുഴ മണ്ഡലത്തിൽ ഏതൊക്കെ റോഡുകൾക്ക് ഫണ്ട് അനുവദിച്ചിട്ടുണ്ടെന്നും ഓരോ റോഡിനും എന്തു തുക വീതമാണ് അനുവദിച്ചിട്ടുള്ളതെന്നും വ്യക്തമാക്കുമോ;

(എ) 2013-14 സാമ്പത്തിക വർഷത്തിൽ അമ്പലപ്പുഴ മണ്ഡലത്തിൽ തീരദേശ റോഡുകളുടെ നിലവാരം ഉയർത്തുന്ന പദ്ധതിയിൽ ഉൾപ്പെട്ട 7 റോഡുകൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

| ക്രമ നം | റോഡിന്റെ പേര് | ഭരണാനുമതി തുക (ലക്ഷത്തിൽ) |
|---|---|---|
| 1 | വളഞ്ഞവഴി - ബീച്ച് റോഡ് | 60.50 |
| 2 | എൻ.എച്ചിൽ നിന്നും പുന്നപ്ര ഫിഷ് ലാന്റിംഗ് സെന്ററിലേയ്ക്കുള്ള റോഡ് | 48.50 |
| 3 | കാക്കനാട് പള്ളിച്ചിറ - കരിത്തറ റോഡ് | 48.00 |
| 4 | അയ്യൻകാളി ജംഗ്ഷൻ - ഇട്ടിച്ചിറ റോഡ് | 45.00 |
| 5 | ഫിഷ് ലാന്റിംഗ് തെക്കുവശത്തു നിന്നും മൂന്നാം നമ്പർ സുനാമി കോളനി റോഡ് | 14.00 |
| 6 | വണ്ടാനം പടിഞ്ഞാറ്റിൻ ഇ.എം.എസ് റോഡ് | 46.00 |
| 7 | വണ്ടാനം മെഡിക്കൽ കോളേജ് ആശുപത്രി - കോങ്ങന്നൂർ കോലാത്തുവീട് വഴി കടന്നു പോകുന്ന റോഡ് | 60.00 |

(ബി) തുക അനുവദിച്ച റോഡുകളുടെ ടെണ്ടർ നടപടികൾ പൂർത്തിയായിട്ടുണ്ടോ എന്നും നിർമ്മാണം എന്ന് ആരംഭിക്കാൻ കഴിയുമെന്നും വ്യക്തമാക്കുമോ?

(ബി) ഭരണാനുമതി നൽകിയ റോഡുകളുടെ പ്രവൃത്തി, ഇപ്പോഴത്തെ അവസ്ഥ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രവൃത്തിയുടെ പേര് | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|
| 1 | വളഞ്ഞവഴി - ബീച്ച് റോഡ് | സാങ്കേതികാനുമതി നൽകി തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. |
| 2 | എൻ.എച്ചിൽ നിന്നും പുന്നപ്ര ഫിഷ് ലാന്റിംഗ് സെന്ററിലേയ്ക്കുളള റോഡ് | സാങ്കേതികാനുമതി നൽകുന്നതിനുളള നടപടികൾ സ്വീകരിച്ചിട്ടുണ്ട് |
| 3 | കാക്കനാട് പളളിച്ചിറ - കരീത്തറ റോഡ് | ദർഘാസ് അംഗീകാരം സംബന്ധിച്ച നടപടികൾ നടന്നുവരുന്നു. |
| 4 | അയ്യൻകാളി ജംഗ്ഷൻ - ഇട്ടിച്ചിറ റോഡ് | ദർഘാസിൽ ആരും പങ്കെടുക്കാത്തതിനെതുടർന്ന് വീണ്ടും ഇ-ദർഘാസ് ക്ഷണിച്ചിരിക്കുന്നു. |
| 5 | ഫിഷ് ലാന്റിംഗ് തെക്കുവശത്തു നിന്നും മൂന്നാം നമ്പർ സുനാമി കോളനി റോഡ് | നിർമ്മാണത്തിനുളള സ്ഥലം പഞ്ചായത്തിൽ നിന്നും ലഭിച്ചില്ല. |
| 6 | വണ്ടാനം പടിഞ്ഞാറ്റിൻ ഇ.എം.എസ് റോഡ് | ദർഘാസിൽ ആരും പങ്കെടുക്കാത്തതിനെ തുടർന്ന് വീണ്ടും ഇ-ദർഘാസ് ക്ഷണിച്ചിട്ടുണ്ട്. |
| 7 | വണ്ടാനം മെഡിക്കൽ കോളേജ് ആശുപത്രി - കോങ്ങന്നൂർ കോലാത്തുവീട് വഴി കടന്നു പോകുന്ന റോഡ് | ദർഘാസ് നടപടികൾ നടന്നുവരുന്നു |

സാങ്കേതികാനുമതി നൽകി, ദർഘാസ് നടപടികൾ സ്വീകരിക്കുകയും കരാറിൽ ഏർപ്പെടുകയും ചെയ്താൽ മാത്രമേ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാൻ കഴിയുകയുളളൂ.

സെക്ഷൻ ആഫീസർ